# ഇവിടെ പ്രവേശനമില്ല

നിഗൂഢതകൾക്ക്പിന്നിലെ രഹസ്യം തേടാത്തവരായി ആരുമില്ല. നിഗൂഢതകൾക്ക പിന്നിലെ രഹസ്യം കണ്ടെത്തുന്ന കാര്യത്തിൽ പലപ്പോഴും ശാസ്ത്രം തോറ്റിട്ടേയുള്ളൂ. അത്തരം ചില നിഗൂഢതകൾ മറഞ്ഞിരിക്കുന്ന സ്ഥലങ്ങളെ പരിചയപ്പെടാം.



ബക്കിങ്ഹാം പാലസ്

## ഏരിയ 51

അമേരിക്കയിലെ നെവാദയിൽ സ്ഥിതിചെയ്യുന്ന ഏരിയ 51. യുദ്ധവിമാനങ്ങളുടെയും ആയുധങ്ങളുടെയും പരീക്ഷണം നടക്കുന്ന ഇവിടെ മറ്റാർക്കും പ്രവേശനമില്ല. അതുകൊണ്ട് തന്നെ അവിടെ നടക്കുന്ന കാര്യങ്ങൾ ഇന്നും അജ്ഞാതം.

## സ്നേക്ക്ലാൻഡ്

പാമ്പുകളുടെ താഴ്‌വര എന്ന്അറിയപ്പെടുന്നിടമാണ് ബ്രസീലിയൻ തീരത്ത്ഒറ്റപ്പെട്ടുനിൽക്കുന്ന ചെറുദ്വീപായ സ്നേക്ക്ലാൻഡ്. ലോകത്തിലെ ഏറ്റവും വിഷമുള്ള 400ലധികം പാമ്പുകൾ ഇവിടെ വസിക്കുന്നു. ഇവ മനുഷ്യജീവന് ഭീഷണിയായതിനാൽ ബ്രസീൽ ഗവൺമെന്റ് ദ്വീപിലേക്കുള്ള മനുഷ്യരുടെ സന്ദർശനം തടഞ്ഞിരിക്കുകയാണ്.

## കൊക്കകോളയുടെ രഹസ്യ അറ

മനുഷ്യർക്കിടയിൽ ഏറെ പ്രചാരമുള്ള ഒരു പാനീയമാണ് കൊക്കകോള. എന്നാൽ ഇതിന്റെ നിർമാണത്തിന് പിന്നിലെ രഹസ്യം വെളിപ്പെടുത്താൻ ഇന്നും കമ്പനി തയ്യാറായിട്ടില്ല. പാനീയത്തിന് പിന്നിലെ വിജയം അതീവ രഹസ്യമായി സൂക്ഷിക്കുന്നതിന് സുരക്ഷിതമായ സങ്കേതമാണ് നിർമ്മിച്ചിരിക്കുന്നത്.

## ദി ക്വീൻസ് ബെഡ്റൂം

ബക്കിങ് ഹാം പാലസിലെ രാജ്ഞിയുടെ ബെഡ്റൂം, ഇന്നും മറ്റാരും കണ്ടിട്ടില്ല. 1982ൽ കൊട്ടാരത്തിലേക്ക് പ്രവേശിച്ച മൈക്കിൾ ഫാഗൻ എന്നയാൾ റൂം തകർത്ത് എലിസബത്ത് രാജ്ഞിയുടെ മുറിക്കുള്ളിൽ പ്രവേശിച്ചു. ഈ സംഭവത്തിനു ശേഷം അതീവ സുരക്ഷാ മേഖലയാക്കി പ്രവേശനം കർശനമായി നിരോധിച്ചിരിക്കുകയാണ്.

# വലത്തടാകം കാണണണോ ഗ്രീസിൽ പോയാൽ മതി



വിസ്റ്റോണിഡ തടാകം

ഏഥൻസ്: ഗ്രീസിലെ വിസ്റ്റോണിഡ തടാകം കാണുന്നവർ ഞെട്ടിപ്പോകും. ഒരു പ്രേത സിനിമയിലെ കാഴ്ചകളെ അനുസ്മരിപ്പിക്കും വിധമാണ് ഇപ്പോഴത്തെ വിസ്റ്റോണിഡ തടാകത്തിലെ കാഴ്ചകൾ. തടാകത്തിലെ ജലോപരിതലം മുഴുവൻ ചിലന്തി വല കൊണ്ട് മൂടിയിരിക്കുകയാണ്. തടാകത്തിന് ചുറ്റുമുള്ള ചെടികളും തടാകത്തിന്റെ ഉപരിതലവുമെല്ലാം ആയിരക്കണക്കിന് മീറ്റർ വരുന്ന ചിലന്തി വലയ്ക്കുള്ളിലാണ്.

വെറും ഒരു ദിവസം കൊണ്ടാണ് ആയിരക്കണക്കിന് വരുന്ന കുഞ്ഞൻ ചിലന്തികൾ തടാകവും സമീപ പ്രദേശങ്ങളും കീഴടക്കിയത്. ആദ്യം തടാകത്തിന് സമീപത്തുള്ള ചെടികളിൽ വല നെയ്യാനാരംഭിച്ച ചിലന്തികൾ വളരെ പെട്ടെന്ന് തടാകത്തിലേക്കും എത്തുകയായിരുന്നു. ടെട്രാഗ്നത എന്ന വർഗത്തിൽ ഉൾപ്പെടുന്ന ചിലന്തികളാണ് ഇവിടെ വലവിരിച്ചിരിക്കുന്നത്.

ഈ പ്രദേശത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനമാണ് ചിലന്തികളുടെ എണ്ണത്തിൽ ഇത്രയധികം വർദ്ധനവുണ്ടാകാനുള്ള കാരണമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. സാധാരണ താപനില കുറഞ്ഞ ഇവിടെ അടുത്തായി ചൂട് കൂടിയിരുന്നു. സാധാരണയായി ജലസ്രോതസുകളുടെ സമീപം താമസിക്കാൻ ഇഷ്ടപ്പെടുന്ന ഈ ചിലന്തികൾക്ക് വെള്ളത്തിന് മുകളിലൂടെ നടക്കാനുള്ള കഴിവുമുണ്ട്.

തടാകത്തിലെ വെള്ളത്തിൽ കൊതുകുകൾ പെറ്റുപെരുകിയതോടെയാണ് ചിലന്തികളും ഇവിടെ താവളമടിക്കാൻ തുടങ്ങിയത്. എന്തായാലും ഇപ്പോഴത്തെ സ്ഥിതിയിൽ ഒരു കൊതുകുപോലും അകത്തേക്കോ പുറത്തേക്കോ പോകില്ല.

## NEWS

### ആര്യനാട് ഡിപ്പോയിൽ

# ഡീസലും ഇല്ല ടയറും ഇല്ല




ആര്യനാട് കെ.എസ്.ആർ.ടി.സി ഡിപ്പോ

ആര്യനാട്: ആര്യനാട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഡീസലുമില്ല, പഞ്ചറായാൽ മാറ്റാൻ ടയറുമില്ല. പമ്പില്ലാത്തതു കാരണം കാട്ടാക്കട, നെടുമങ്ങാട്, പേരൂർക്കട ഡിപ്പോകളിൽ നിന്നാണ് ആര്യനാട്ടെ ബസുകൾക്ക് ഡീസലടിക്കുന്നത്. എന്നാൽ ഒരു ഡിപ്പോയിൽ ഇല്ലെങ്കിൽ മറ്റ് ഡിപ്പോകളിൽ നിന്നും ഡീസൽ നൽകാൻ മടിക്കുന്നു എന്നാണ് പരാതി. നൽകിയാൽത്തന്നെ അളവിൽ കുറച്ചു മാത്രമേ കൊടുക്കുകയുള്ളൂ.

ഒരു ഓർഡിനറി സർവീസിന് ഒരു ദിവസം ശരാശരി 50 ലിറ്റർ ഡീസൽ വേണം. എന്നാൽ ഓരോ ദിവസവും കുറച്ച് ഡീസൽ ലഭിച്ചാൽ ബസുകൾക്ക് സർവീസ് പൂർത്തീകരിക്കാൻ കഴിയില്ല. ഇതുകാരണം ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യേണ്ട സ്ഥിതിയാണ്.

ആര്യനാട് ഡിപ്പോയിൽ ഡീസൽ ഇല്ലാത്തത് കാരണം നല്ല കളക്ഷൻ ലഭിക്കുന്ന വ്യാഴാഴ്ച ആറ്റിങ്ങൽ ഫാസ്റ്റ് തുടങ്ങാൻ കഴിഞ്ഞില്ല. ഡീസൽ ഇല്ലാതെ ബസ് വഴിയിലായാൽ ഡ്രൈവർമാരെയാണ് കുറ്റക്കാരനായി കാണുന്നത്. മദർ ഡിപ്പോയായ വെള്ളനാട്ട് ഡീസൽ പമ്പ് ഉണ്ടെങ്കിലും ആര്യനാടിന് ഡീസൽ നൽകാൻ അവരും തയ്യാറാകുന്നില്ല. ചിലപ്പോഴൊക്കെ തിരുവനന്തപുരത്തെത്തുന്ന ഡിപ്പോയിലെ ബസുകളെ വികാസ്ഭവൻ ഡിപ്പോയിലേയ്ക്കും അയയ്ക്കാറുണ്ട്. പലയിടങ്ങളിലും ആളുകളെയും കയറ്റി ഡീസൽ അടിക്കാൻ ചുറ്റുന്നതിനാൽ യാത്രക്കാരുടെ തെറി വിളിയും ജീവനക്കാർ കേൾക്കേണ്ടി വരും.

### ടയർ ക്ഷാമം രൂക്ഷം

ഡിപ്പോയിൽ ടയർ ക്ഷാമവും അതിരൂക്ഷമാണ്. പലപ്പോഴും ടയറുകൾ ഇല്ലാത്തതുകാരണം വഴിയിൽ പഞ്ചറാകുന്ന ബസുകൾ തിരിച്ചെത്തിക്കണമെങ്കിൽ മറ്റ് ബസുകളുടെ ടയർ ഊരിമാറ്റേണ്ടി വരും. ഇതുകാരണം ഡ്യൂട്ടികൾ പലതും താമസിച്ചേ തുടങ്ങാൻ കഴിയൂ.

ആര്യനാട്ട് വേണ്ടത്ര ഡ്രൈവർമാർ ഉണ്ടായിരുന്നിട്ടും 35 ഡ്രൈവർമാരെ തൊടുപുഴയിൽ നിന്നും ആര്യനാട്ടേക്ക് സ്ഥലം മാറ്റി. ഇപ്പോൾ ഈ ഡിപ്പോയിൽ 20 ഡ്രൈവർമാർ കൂടുതലാണ്. ഇക്കാര്യം ചീഫ് ഓഫീസിൽ അറിയിച്ചപ്പോൾ ഏറ്റവും സീനിയറായ 10 ഡ്രൈവർമാരെ പാലോട്ടേയ്ക്ക് മാറ്റി. ഷെഡ്യൂകളുടെ ഓപ്ഷൻ കഴിഞ്ഞതോടെ പാലോടെത്തിയ ഡ്രൈവർമാർക്ക് ജോലി ഇല്ലെന്നും പറയുന്നു.

22 താത്കാലിക കണ്ടക്ടർമാർ ആര്യനാട് ജോലിയില്ലാതെ കാത്തിരിക്കുമ്പോൾ നെയ്യാറ്റിൻകര നിന്നും 10 സ്ഥിരം കണ്ടക്ടർമാരെയും 10 താത്കാലിക കണ്ടക്ടർമാരെയും ആര്യനാട്ടേയ്ക്ക് സ്ഥലം മാറ്റി. പാറശാലയും കളിയിക്കാവിളയിലും ഉള്ളവരെയും ഇത്തരത്തിൽ സ്ഥലം മാറ്റിയിട്ടുണ്ട്. രണ്ട് സ്റ്റേഷൻ മാസ്റ്റർ ആവശ്യമുള്ള ആര്യനാട് ഒരാൾ മാത്രമാണ് ഉള്ളത്. മൂന്ന് ഇൻസ്പെക്ടർമാർ ആര്യനാട്ട് എ.എം. ഡ്യൂട്ടി ചെയ്യുന്നു. ജനറൽ കൺട്രോളിഗ് ഇൻസ്പെക്ടർ 24 മണിക്കൂർ ജോലി ചെയ്താലും വീട്ടിൽ പോകാൻ കഴിയുന്നില്ല.

വെള്ളനാട് സർവ്വീസ് നടത്താൻ ബസ് ഇല്ലാതെ വരുമ്പോൾ ആര്യനാട് സർവ്വീസ് നടത്താനുള്ള ബസുകളെ കൊണ്ട് പോകും. ഇതും ആര്യനാട്ടെ സർവീസുകളെ ബുദ്ധിമുട്ടിലാക്കുന്നു. ഷെഡ്യൂളുകൾ തുടങ്ങാതാകുമ്പോൾ ജീവനക്കാർക്കും ഡ്യൂട്ടി ലഭിക്കുന്നില്ല.

ശബരിമല സീസൺ തുടങ്ങാൻ ദിവസങ്ങൾ മാത്രമുള്ളപ്പോൾ ബസുകളുടെ ക്ഷാമവും ഡീസൽ പ്രതിസന്ധിയും കൂടുതൽ രൂക്ഷമാകും. ആര്യനാട് എ.ടി.ഒ. ഇല്ലാതായിട്ട് മാസങ്ങളായി. 2000ൽ പ്രവർത്തനം തുടങ്ങിയ ആര്യനാട് ഡിപ്പോയെ തരംതാഴ്ത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.



ജനമൈത്രി പൊലീസിന്റെയും ജനമൈത്രി കമ്മിറ്റികളുടെയും നേതൃത്വത്തിൽ സി സി ടിവി കാമറകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ഐ.ബി. സതീഷ് എം.എൽ.എ നിർവഹിക്കുന്നു

## സി സി ടിവി കാമറകൾ സ്ഥാപിച്ചു

ബാലരാമപുരം: ജനമൈത്രി പൊലീസിന്റെയും ജനമൈത്രി കമ്മിറ്റികളുടെയും നേതൃത്വത്തിൽ സി സി ടിവി കാമറകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം ഐ.ബി. സതീഷ് എം.എൽ.എ നിർവഹിച്ചു. വാർഡ് മെമ്പർ ചിത്ര പി.എസ് അദ്ധ്യക്ഷത വഹിച്ചു. ഭഗവതിനട ശിവകുമാർ, ടി. സുധീർ, നരുവാമൂട് എ.എസ്.ഐ ജോയി, കെ.എ. സജി, മാർക്കോസ് എന്നിവർ സംബന്ധിച്ചു.

## ചിത്രരചനാമത്സരം

തിരുവനന്തപുരം: ബാങ്ക് ജീവനക്കാരുടെ സംഘടനയായ തരംഗം ശിശുദിനാഘോഷത്തിന്റെ ഭാഗമായി 18ന് രാവിലെ 10 മുതൽ പുളിമൂട് ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ ചിത്രരചനാമത്സരം നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ: 9895430037 (സുബിൻ ബാബു), 9947603141 (ഇന്ദുബാസ്)




ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭരതന്നൂർ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരതന്നൂരിൽ നടന്ന രാഷ്ട്രീയ വിശദീകരണയോഗം രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.